പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 910 **14-10-2026-ൽ മറുപടിയ്ക്ക്**

<u>ഉദുമ തൃക്കണ്ണാട് ക്ഷേത്രപരിസരത്തെ കടലാക്രമണം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നീലകണ്ഠൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഉദുമ നിയോജക മണ്ഡലത്തിൽ കടൽക്ഷോഭമുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ കീഴൂർ, ചെമ്പരിക്ക, കല്ലൻവളപ്പ് തീരപ്രദേശം, ഉദുമ, പള്ളിക്കര ഗ്രാമപഞ്ചായത്തുകളിലെ കന്നി, ജന്മ, കൊപ്പൽ, കാപ്പിൽ, കോട്ടിക്കുളം, തൃക്കണ്ണാട്, ബേക്കൽ, പള്ളിക്കര എന്നിവ കടൽ ക്ഷോഭം നേരിടുന്ന പ്രദേശങ്ങളാണ്.

(ബി) ഇത് തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

<u>മറുപടി:</u> ഉദുമ നിയോജകമണ്ഡലത്തിൽ കടൽക്ഷോഭം തടയുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

(സി) വടക്കേ മലബാറിലെ പാപനാശിനി എന്നറിയപ്പെടുന്ന തൃക്കണ്ണാട് ക്ഷേത്രപരിസരത്തെ കടലാക്രമണം തടയുന്നതിൽ പ്രത്യേക പരിഗണന നൽകി കടൽത്തീരം സംരക്ഷിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

<u>മറുപടി:</u> ജലസേചന വകുപ്പിന് കീഴിലുള്ള മിഷൻ ഡയറക്ടറേറ്റിന്റെ കീഴിൽ ഉദുമ നിയോജകമണ്ഡലത്തിലെ കോട്ടിക്കുളം - തൃക്കണ്ണാട് - ബേക്കൽ പ്രദേശത്തെ 2.2 km കടൽത്തീരം അതിരൂക്ഷ കടലാക്രമണം നേരിടുന്നതായി കണ്ടെത്തിയ ഈ പ്രദേശത്തെ തീരം സംരക്ഷിക്കുന്നതിനായി ലോക ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (Protection for a length of 2200 m between CP stone 2677 and 2665 at Kottikkulam-Thrikkannad-Bekal kadappuram in Uduma Grama Panchayath of Hosdurg Taluk in Kasaragod District). ഈ പ്രവൃത്തിയുടെ ഡിസൈൻ നിലവിൽ പുരോഗമിച്ചു വരികയാണ്. ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് DPR തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം 1</u>

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	Amount	Remark
1	തുക്കണ്ണാട് കടപ്പുറത്ത് CP Stone No. 2671 ന് സമീപം കരിങ്കൽ ഉപയോഗിച്ച് അടിയന്തിര തീര സംരക്ഷണ പ്രവൃത്തി	50,00,000	പ്രവൃത്തി പൂർത്തീകരിച്ചു
2	കൊവ്വൽ കൊപ്പൽ കടപ്പുറത്ത് ജിയോബാഗ് ഉപയോഗിച്ച് കടൽ തീര സംരക്ഷണ പ്രവൃത്തി	50,00,000	പ്രവൃത്തി പൂർത്തീകരിച്ചു
3	കീഴൂർ കടപ്പുറത്ത് പ്രകൃതിക്ഷോഭം 2025-26 ൽ കരിങ്കൽ ഉപയോഗിച്ച് CP Stone No. 2703 നും 2704 നും ഇടയിലായി കടൽ തീര സംരക്ഷണ പ്രവൃത്തി	25,00,000	പ്രവൃത്തി പൂർത്തീകരിച്ചു
4	തുക്കണ്ണാട് പള്ളിവേട്ട മണ്ഡപത്തിന് പരിസരത്ത് CP Stone No. 2671 ജിയോബാഗ് ഉപയോഗിച്ച് 55 മീറ്റർ നീളത്തിൽ അടിയന്തിര തീര സംരക്ഷണ പ്രവൃത്തി	20,00,000	പ്രവൃത്തി പൂർത്തീകരിച്ചു
5	കാപ്പിൽ കടപ്പുറത്ത് ജിയോബാഗ് ഉപയോഗിച്ച് 56 മീറ്റർ നീളത്തിൽ CP Stone No. 2681 ന് സമീപം മഴക്കാല മുന്നൊരുക്ക പ്രവൃത്തി	19,30,000	പ്രവൃത്തി പൂർത്തീകരിച്ചു